# വചന വിചിന്തനം : മാർച്ച് 15 ഞായർ, 2009

**മത്താ. 21 : 33 –**

മുന്തിരിതോട്ടത്തിലെ കൃഷിക്കാരുടെ ഉപമ:

പാലസ്തീനായുടെ സാമൂഹിക ഭൂപടമാണ് ഈ ഉപമയുടെ ക്യാൻവാസ്. സാമ്പത്തിക അരക്ഷിതാവസ്ഥയുടെയും അസ്വസ്ഥതകളുടെയും ഒരു കാലഘട്ടമാണത്. ഭൂവുടമകൾ തങ്ങളുടെ മുന്തിരിതോട്ടങ്ങൾ കൃഷിക്കാരെ ഏൽപ്പിച്ച് ദൂര യാത്രയ്ക്ക് പോകുന്ന ധാരാളിത്വവും ആ കാലഘട്ടത്തിന്റെ അപൂർവ്വമെങ്കിലുമുള്ള ഒരു കാഴ്ചയാണ്. വിളവ് എടുക്കുന്ന കാലത്ത് കരാർ പ്രകാരമുള്ള വിളവോ, ഓഹരിയോ ശേഖരിക്കാൻ മാത്രമെ പിന്നീട് അവർ എത്തുകയുള്ളു. ഈ സാമ്പത്തിക അസ്ഥിരത സൃഷ്ടിച്ച അരാജകത്വത്തിൽ തൊഴിലാളികൾ അസംതൃപ്തരും അനീതിക്കു കുടപിടിക്കുന്നവരുമാകുന്നത് സ്വാഭാവികം. ഈ ഒരു പശ്ചാത്തലത്തിലാണ് തോട്ടം ഉടമ ഓഹരി ശേഖരിക്കാൻ ദാസൻമാരെ അയക്കുന്നതും കൃഷിക്കാർ അവരെ തിരസ്ക്കരിക്കുന്നതും ഒടുവിൽ സ്വന്തം പുത്രൻ തന്നെ വരുമ്പോൾ അവനെ കൃഷിക്കാർ വധിക്കുന്നതുമൊക്കെ പ്രസക്തമാകുന്നത്.

ഈ ഒരു സാമൂഹിക യാഥാർത്ഥ്യത്തെ വി. ഗ്രന്ഥപ്രതീകങ്ങളിൽ സ്നാനപ്പെടുത്തി ആത്മീയ തലത്തിൽ ആവിഷ്ക്കരിക്കുകയാണ് യേശു.

ഈ മുന്തിരിതോട്ടം ഇസ്രായേൽ ജനമാണ് ഏശ. 5:7 ‘‘സൈന്യങ്ങളുടെ കർത്താവിന്റെ മുന്തിരിതോട്ടം ഇസ്രായേൽ ഭവനമാണ്........’’ തോട്ടം ഉടമ ദൈവമാണ്.

പിന്നീട് രക്ഷാകര ചരിത്രത്തിന്റെ നാൾവഴികളാണ് പ്രതിപാദനവിഷയം. കല്പലകകളെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച് അവരെ സ്വന്ത ജനമാക്കാൻ ആഗ്രഹിക്കുന്ന തമ്പുരാൻ. അവർക്ക് വേണ്ട കരുതലും സംരക്ഷണവും നല്കുന്നുണ്ട്.

ജറീക്കോ പട്ടണം കീഴടക്കാൻ പോകുമ്പോൾ ദൈവം പറയുന്നത്, നിങ്ങൾക്ക് സൈന്യബലമല്ല ആവശ്യം, ദൈവമായ കർത്താവ് നിങ്ങളുടെ കൂടെയുണ്ട് എന്നാണ്. കർത്താവിന്റെ സംരക്ഷണം ശത്രുക്കളുടെ അക്രമണത്തിൽ നിന്ന് എങ്ങനെ ജനത്തെ വേലികെട്ടിയതുപോലെ കാത്തു എന്ന് ഓർമ്മപ്പെടുത്തുന്നു. തുറന്ന മിഴികളോടെ ജാഗ്രതാപൂർവ്വം ശത്രുവിനെതിരെ നിരീക്ഷണം നടത്താനാണ് കാവൽ ഗോപുരം. മുന്തിരിതോട്ടത്തിന് രക്ഷ നൽകുന്ന ഉടമയുടെ ജാഗ്രതയാണത്.

അതിൽ അവർക്ക് സമാധാനത്തോടെ വസിക്കാൻ ഇടമൊരുക്കി അവരെ കരുതലോടെ വഴി നടത്തി. മേഘകീറിൽ നിന്ന് മന്നായും കരിമ്പാറയിൽ നിന്ന് ജലവും നല്കി മരുഭൂമി പോലും അവരെ തളർത്താതിരിക്കാൻ ദൈവം ശ്രദ്ധിച്ചു. ഏശ. 5:4 ‘‘എന്റെ മുന്തിരിതോട്ടത്തിനുവേണ്ടി ഞാൻ ചെയ്തതിലധികം എന്താണ് ചെയ്യേണ്ടിയിരുന്നത്.......’’

പക്ഷെ കർത്താവിന്റെ കരുതലിനെ അവർ തിരസ്ക്കരിച്ചു.

ഫലം തേടി വന്ന കർത്താവിന്റെ ദാസരെ, കാലാകാലങ്ങളിൽ ദൈവം അയച്ച പ്രവാചകന്മാരെ, രാജാക്കന്മാരെ അവർ വേദനിപ്പിച്ചു. നിഷേധികളുടെ തലമുറയായി.

ഒടുവിൽ പിതാവിന്റെ സ്വന്തം പുത്രൻ വരുമ്പോൾ കുരിശുമരംകൊണ്ട് വരവേറ്റു....! ഇനി ആ കൃഷിക്കാരോട് ഉടമ എന്തു ചെയ്യും എന്ന ചോദ്യത്തിൽ തുടങ്ങുന്നത് ഇസ്രായേൽ ഭവനത്തിലെ ഓരോ നിഷേധികളുടെയും ആത്മവിചാരണയാകണം.

കരുണ നീതിവിധിക്ക് വഴിമാറേണ്ടതുണ്ട് എന്നുള്ള പൊള്ളിക്കുന്ന ഒരു ചിന്തകൂടിയുണ്ട്.

ധൂർത്തപുത്രനു വേണ്ടി വഴികണ്ണുമായി കാത്തിരിക്കുന്നവൻ...... സ്നേഹിതാ എന്നു വിളിച്ച് ഒറ്റികൊടുക്കുന്നവന്റെ ചുംബനത്തിന് മുഖം ചേർത്തുപിടിക്കുന്നവൻ..... കുരിശിൽ കിടന്നിട്ടും മുറിവേല്പിച്ചവരോട് ക്ഷമിക്കണേ എന്നു യാചിക്കുന്നവൻ.... കരുണയുടെ അവതാരം തന്നെ കർത്താവ്.

പക്ഷെ, അതിനുമപ്പുറം, തോട്ടക്കാരൻ പോലും നിസ്സഹായനാകുകയാണ്. വി. ഗ്രന്ഥത്തിന്റെയും സഭയുടെയുമൊക്കെ വാക്കുകൾക്ക് ചെവികൊടുക്കാതെ, അയയ്ക്കപ്പെടുന്നവരെ സമൂഹമദ്ധ്യത്തിൽ വച്ച് അപവാദംകൊണ്ട് വിവസ്ത്രരാക്കി, നാശത്തെ വിലപേശി വാങ്ങുന്ന തലമുറയെ ഓർത്താണ് കർത്താവിന്റെ നെഞ്ചുരുകുന്നത്.

''ആകാശമേ കേൾക്കുക...... ഭൂമിയെ ചെവിതരിക.... മക്കളെ പോറ്റി വളർത്തിയ പിതാവിന്റെ നൊമ്പരം''.

ഇത് നോമ്പുകാലം !

ആത്മവിചാരത്തിനും ആത്മവിചാരണയ്ക്കും ഇടമുണ്ട് ഇതിൽ. ദൈവത്തിന്റെ ഇടപെടലുകളും ഓർമ്മപ്പെടുത്തലുകളും അവഗണിച്ച് ഇടർച്ചയുടെ വഴിയേ നാശത്തിലേക്കു പോകുമ്പോൾ ഒന്നു വഴി മാറി നടക്കാൻ മനസ്സിനെ പഠിപ്പിക്കേണ്ട ആത്മശിക്ഷണത്തിന്റെ ദിവസങ്ങൾ.

നാശം പ്രഖ്യാപിക്കപ്പെട്ട നിനെവേക്കുപോലും, സ്ഫടികതുല്യമായ മനസ്താപത്തിന്റെ കണ്ണീരിനു മുമ്പിൽ ദൈവം ജീവിതം തിരികെ നല്കുന്നുണ്ട് എന്ന പഴയ ഒരു ദൈവസ്നേഹത്തിന്റെ മയിൽപീലിതുണ്ട് ഉള്ളിൽ സൂക്ഷിച്ച്, തിരികെ വരാനുള്ള ശ്രമം തുടങ്ങാം.

**ഫാ. അലക്സ് വേലാച്ചേരി.**